"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്ലാൻ ഫണ്ട് 2024-25 - ഇരിവേരി സാമൂഹികാരോഗ്യ കേന്ദ്രം, പിണറായി സ്പെഷ്യാലിറ്റി ആശുപത്രി ഫർണിച്ചർ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ഭരണാനുമതി നൽകി - ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.838/2025/H&FWD തീയതി,തിരുവനന്തപുരം, 21-03-2025

---

പരാമർശം:- 1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 19.12.2024 തീയതിയിലെ DHS/2550/2024-MSP1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2023-24-ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം || വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ) പ്രകാരം, 'ഇരിവേരി സി.എച്ച്.സി.യ്ക്ക് ഫർണിച്ചർ ഉപകരണങ്ങൾ' എന്ന പ്രവൃത്തിയ്ക്കായി ക്രമ നമ്പർ 810 ആയി 50 ലക്ഷം രൂപ അടങ്കൽ വയ്ക്കുകയും 10 ലക്ഷം രൂപ വകയിരുത്തിയിരുത്തുകയും ചെയ്തിരുന്നു. കൂടാതെ, ക്രമ നമ്പർ 2651 ആയി 'പിണറായി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന് ഫർണിച്ചർ ഉപകരണങ്ങൾ' എന്ന പ്രവൃത്തിയ്ക്കായി 75 ലക്ഷം രൂപ അടങ്കൽ വയ്ക്കുകയും 15 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു. പ്രവൃത്തികൾക്ക് ആവശ്യമായ ലംപ്സം വിഹിതം 5054-80-800-66 ശീർഷകത്തിലാണ് വകയിരുത്തിയിരിക്കുന്നതെങ്കിലും ഇരുപതു ശതമാനം തുക നീക്കി വച്ചിട്ടുള്ള പ്രവൃത്തികൾക്ക് അതത് വകുപ്പുകളുടെ ബന്ധപ്പെട്ട ശീർഷത്തിനു കീഴിൽ ധനവകുപ്പിന്റെ അനുമതിയോടെ ഭരണാനുമതി പുറപ്പെടുവിക്കാവുന്നതാണെന്ന് വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധത്തിൽ വ്യക്തമാക്കിയിരുന്നു.

**2.** പരാമർശ കത്ത് പ്രകാരം പിണറായി സ്പെഷ്യാലിറ്റി സെന്റർ-ന് ഫർണിച്ചർ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി 74,99,992/- രൂപയുടെ എസ്റ്റിമേറ്റും ഇരിവേരി സി.എച്ച്.സി.യ്ക്ക് ഫർണിച്ചർ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി 39,18,963/- രൂപയുടെ

എസ്റ്റിമേറ്റും ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്രവൃത്തികൾക്ക് നിലവിൽ അനുവദിച്ചിട്ടുള്ള 20% തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24-ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം || വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ)-യിൽ ഉൾപ്പെടുത്തിയിട്ടുള്ള, ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികൾക്ക് **'4210-01-110-74-01-00-00-PV-ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള നിർമ്മാണ ജോലികൾ'** എന്ന ശീർഷകത്തിന് കീഴിൽ **ഭരണാനുമതി നൽകി** ഉത്തരവ് പുറപ്പെടുവിക്കുന്നു. ആയതിലേക്കായി ഇ-അനുമതി പോർട്ടലിൽ അഡിഷണൽ പ്രൊവിഷൻ വകയിരുത്തിയിട്ടുള്ളതാണ്.

| ക്രമ നമ്പർ | പ്രവൃത്തി | ഭരണാനുമതി തുക |
|---|---|---|
| 1 | **ഇരിവേരി സാമൂഹികാരോഗ്യ കേന്ദ്രത്തിന് ഫർണിച്ചർ, ഉപകരണങ്ങൾ എന്നിവ വാങ്ങൽ** | 39,18,963/- **രൂപ (മുപ്പത്തിയൊൻപതു ലക്ഷത്തി പതിനെട്ടായിരത്തി തൊള്ളായിരത്തി അറുപത്തി മൂന്ന് രൂപ മാത്രം)** |
| 2 | **പിണറായി സ്പെഷ്യാലിറ്റി ആശുപത്രിക്ക് ഫർണിച്ചർ, ഉപകരണങ്ങൾ എന്നിവ വാങ്ങൽ** | 74,99,992/- **രൂപ (എഴുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം)** |

**4.** മേൽ ഭരണാനുമതി നൽകിയ ഫർണിച്ചർ, ഉപകരണങ്ങൾ എന്നിവ വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് റൂൾസ്-ഉം ടെൻഡർ നടപടികളും കൃത്യമായി പാലിക്കേണ്ടതും സുതാര്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷ് ആർ

അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ധനകാര്യ (ഹെൽത്ത് - എ) വകുപ്പ് (നം.3011797/HLT-A1/2/2025-FIN പ്രകാരം)

വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി (P3/236/2024-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 21-03-2025 16:41:39

സെക്ഷൻ ഓഫീസർ

പകർപ്പ് : ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്.-യ്ക്ക്

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്